നിയമസഭാനടപടികൾ

അഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

1979 മാർച്ച് 8, വ്യാഴം

വാല്യം XLVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 15

(നിയമസഭ 1979 മാർച്ച് 8-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30 ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.)

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

മി. സ്പീക്കർ; ആർഡർ, ആർഡർ. ചോദ്യം 361.

ഗവൺമെന്റ് ഏറ്റെടുത്ത വനഭൂമി ഉടമകൾ കൈവശപ്പെടുത്തുന്നതായുള്ള പരാതി

*343 [361] ശ്രീ. സി. എ. കുര്യൻ:
,, എ. എൻ. യൂസഫ്:
,, എം. രാമച്ച:
,, എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെസ്റ്റേൺ ഫോറസ്റ്റ് ആയി പ്രഖ്യാപിക്കുകയും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുകാർ ഏറ്റെടുക്കുകയും ചെയ്ത ഭൂമികൾ ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാരുടെ സഹായത്തോടുകൂടി നേരത്തെയുള്ള ഉടമകൾ കൈയേറ്റം ചെയ്തു കൈവശപ്പെടുത്തിയതായി പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രകാരമുള്ള കേസ്സുകളിൽ എന്തു ചെയ്തു?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, (എ) ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ഏറെറുത്ത വനഭൂമിയിൽ ചില കൈയേറ ങ്ങളം നടന്നിട്ടുണ്ടെങ്കിലും ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാരുടെ സഹായ ത്തോടെ ഉടമ കൈയേറിയതായി പരാതി ലഭിച്ചിട്ടില്ല.

(ബി) കൈയേറിയ ഭൂമിയിൽനിന്ന് അവരെയെല്ലാം ഇറക്കി വിട്ടി ട്ടുണ്ട്.

ശ്രീ. സി. എ. കുര്യൻ: പീരുമേടു മേഖലയിൽ തോട്ടം ഉടമകളം ഭൂമി കൈയേറുകയും ആ ഭൂമി കൈവശംവെച്ച് ഏലം കൃഷി ചെയ്തു വരികയും ചെയ്യുന്നതു ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? അതിനെപ്പററി പരാതി ലഭിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഈ ചോദ്യം വെസ്റ്റേൺ ഫോറസ്റ്റിനെ സംബന്ധിച്ചാണ്. ബഹുമാനപ്പെട്ട മെമ്പർ പീരുമേട്ടി ലേക്ക് എടുത്തുചാടി.

ശ്രീ. സി. എ. കുര്യൻ: വെസ്റ്റേൺ ഫോറസ്റ്റിനെ സംബന്ധിച്ച നിയമമനുസരിച്ച് ഗവൺമെൻറധീനതയിൽ വച്ചിട്ടുള്ള ഭൂമിയാണ് പീരുമേട്ടിലേതും. ആ ഭൂമി കൈയേറിയതായി ശ്രദ്ധയിൽപെട്ടി ട്ടുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ബഹുമാനപ്പെട്ട മെമ്പർ എങ്ങനെ യാണ് അതു ധരിച്ചത് എന്നറിഞ്ഞുകൂടാ. മലബാറിലെ വനഭൂമിയാണ് ദേശസാൽക്കരിച്ചത്. ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിക്കുന്നതു മനസ്സിലായി. കണ്ണൻദേവൻ ഭൂമിയിൽ മാങ്കുളത്ത് കൈയേററം നടന്നി ട്ടുണ്ട്. പരാതി കിട്ടിയിട്ടുണ്ട്. നടപടി എടുത്തു കൊണ്ടിരിക്കുക യാണ്.

ശ്രീ. എ. എൻ. യൂസഫ്: പാലക്കാട് ജില്ലയിൽ നെല്ലിയാമ്പതി പ്രദേശത്തു പല എസ്റ്റേറ്റുകളും ഭൂമികളും കൈയേറിയിട്ടുണ്ട്. മണ്ണാർക്കാട് പ്രദേശത്തും കൈയേറിയിട്ടുണ്ട്. അതിനു പുറമേ വിററ സ്ഥലങ്ങളെ സംബന്ധിച്ചും തർക്കങ്ങളുണ്ട്. പിടിച്ചെടുത്ത ജണ്ട ഇട്ട സ്ഥലങ്ങളിൽ പ്പോലും കുടിയാൻമാരെ കയററിയിട്ടുണ്ട്. അതിനെപ്പററി വല്ല രേഖയും ഉണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: പുതിയതായി പല കാര്യങ്ങളും പറഞ്ഞു. അതിൽ പലതും ശരിയുമാണ്. ദേശസാൽക്കരണത്തിനു ശേഷവും ഭൂവുടമസ്ഥൻമാർ പലരും കോടതിയിൽ പോയിട്ടുണ്ട്. ഇപ്പോഴും പോകുന്നുണ്ട്. 1350 ഹെക്ടർ ചിലർക്കു തിരിച്ചുകൊടുത്ത തായും കാണുന്നു. എവിടെയെങ്കിലും കൈയേററം നടന്നിട്ടുണ്ടോ എന്നാണ് ചോദ്യം. അതിനു മറുപടി പറഞ്ഞു. എന്നാൽ ഉദ്യോഗ സ്ഥൻമാരുമായി ചേർന്ന് ഉടമകളം കൈയേററം നടത്തിയ ഉദാഹരണങ്ങളം ഇല്ല. മററു കൈയേററങ്ങളം ഉണ്ടാകുന്നുണ്ട്. അത് ഒഴിപ്പിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എൻ. യൂസഫ്: ദേശസാൽക്കരിക്കാൻ തീരുമാനിച്ചശേഷം കോടതിയിൽ തർക്കം ഇരിക്കെ കൈയേറാൻ ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർ സഹായിക്കുന്നതായി മണ്ണാർക്കാടുനിന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: പല പരാതികളും കിട്ടിയിട്ടുണ്ട്. ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാരുമായി ചേർന്ന് കൈയേറാൻ ശ്രമിക്കുന്നു എന്ന് പൊതുവായി പറഞ്ഞാൽ പരിശോധിക്കാൻ ബുദ്ധിമുട്ടാണ്. സ്പെസിഫിക്കായി പരാതി കിട്ടിയതു പരിശോധിച്ചിട്ടുണ്ട്. ഇനിയും പരിശോധിക്കാം.

ശ്രീ. എം. കെ. കേശവൻ: ഗവൺമെൻറ് ഏറെടുത്ത ഭൂമി വീണ്ടും കൈയേറിയ കേസുകൾ എത്രയുണ്ട്? ഏതെങ്കിലും തീരുമാനമെടുക്കാതെ അവശേഷിക്കുന്നുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഉടമകൾ കൈയേറിതായിട്ട് എൻറെ കൈയിൽ രേഖയൊന്നുമില്ല. ഉടമകൾ നിയമപരമായ നടപടി സ്വീകരിച്ചിട്ടുണ്ട്. തർക്കങ്ങൾ, കേസുകൾ, ധാരാളമുണ്ട്. വനമല്ല, ഏലത്തോട്ടമാണ് എന്നൊക്കെയുള്ള അവകാശവാദവുമായിട്ടാണ് കേസു കൊടുത്തിട്ടുള്ളത്. ചില കേസുകളിൽ അവർക്കനുകൂലമായ വിധി ഉണ്ടായിട്ടുണ്ട്. അതിൻമേൽ ഗവൺമെൻറ് അപ്പീൽ പോയിട്ടുണ്ട്. ഫോറസ്റ്റ് ഉദ്യോസ്ഥൻമാരുടെ സഹായത്തോടുകൂടി നേരത്തെയുള്ള ഉടമകൾ കൈയേറുക എന്ന കേസ് ഇല്ലെന്നാണ് രേഖകൾ പറയുന്നത്. വീണ്ടും അങ്ങനെ ഉണ്ടോ എന്ന് അന്വേഷിക്കാം.

ശ്രീ. എം. കെ. കേശവൻ: വിതരണത്തിനു യോഗ്യമായ പ്ലാൻേറഷൻ ഭൂമി ഭൂരഹിതർക്കു വിതരണം ചെയ്യുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: പ്രധാനമായും ഭൂപരിഷ്കരണ നിയമം എന്ന നിലക്കാണ് അതിനു പ്രസക്തി. വിതരണത്തിനു യോഗ്യമായ ഭൂമി ഭൂരഹിതർക്കു വിതരണം ചെയ്യണമെന്നാണ് നിയമത്തിൽ അനുശാസിച്ചിട്ടുള്ളത്. 10,000 ഹെക്ടർ ആദ്യഘട്ടത്തിൽ വിതരണത്തിനു നീക്കിവച്ചു.

ശ്രീ. പി. സീതി ഹാജി: വെസ്റ്റേൺ ഫോറസ്റ്റിൽ കൊല്ലങ്ങൾക്കു മുമ്പു കുടിയേറി കൃഷി ചെയ്തു താമസിക്കുന്നവരുടെ പേരിൽ ഗവൺമെൻറ് അപ്പീൽ പോയി ബുദ്ധിമുട്ടുണ്ടാക്കുന്നതു ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: പരിശോധിക്കാം.

ശ്രീ. എം. കെ. കൃഷ്ണൻ: ഫോറസ്റ്റ് ട്രൈബ്യൂണലുകൾ സാങ്കേതികമായ കാരണങ്ങളാൽ നൂറു കണക്കിന് ഏക്കർ സ്വകാര്യ ഉടമസ്ഥൻമാരുടേതാണെന്നു വിധിച്ചതിൻമേൽ ഗവൺമെൻറ് എന്തു നടപടി എടുത്തു; എന്തു ചെയ്യാൻ ഉദ്ദേശിക്കുന്നു?

ശ്രീ. പി. കെ. വാസുദേവൻ നായർ: അപ്പീൽ നടപടികൾ സ്വീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാഘവൻ: 12,000 ഹെക്ററോ മറോ തിരിച്ചു കൊടുത്തു എന്നു മുഖ്യമന്ത്രി പറഞ്ഞു. ആർക്കെല്ലാം? എന്തു കാരണത്താൽ?

ശ്രീ. പി. കെ. വാസുദേവൻ നായർ: നിയമപരമായ ചില വിധികളുടെ അടിസ്ഥാനത്തിൽ ആണെന്നാണു മനസ്സിലാക്കുന്നത്. ആർക്കൊക്കെ എന്ന വിവരം ഇപ്പോൾ കൈവശമില്ല.

ശ്രീ. എൻ. ഭാസ്കരൻ നായർ: വെസ്റ്റഡ് ഫോറസ്റ്റ് സംരക്ഷിക്കാൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ? അട്ടപ്പാടിയിൽ വൻതോതിൽ വെസ്റ്റഡ് ഫോറസ്റ്റിൽ പ്രവേശിച്ചിട്ടുള്ളതുകൊണ്ട് ആ ഭൂമി സംരക്ഷിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ളവരുടെ പേരിൽ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അട്ടപ്പാടിയിൽ കൈയേറ്റം നടന്നതായി റിപ്പോർട്ടു കിട്ടുകയും നടപടി സ്വീകരിക്കുകയും ചെയ്തു. കൈയേറ്റങ്ങൾ എല്ലാം ഒഴിപ്പിച്ചിട്ടുണ്ട്.

ശ്രീ. ആര്യാടൻ മുഹമ്മദ്: വെസ്റ്റഡ് ഫോറസ്റ്റിൽ കൃഷി ചെയ്യുന്ന അഞ്ചേക്കറിൽ താഴെയുള്ള കൃഷിക്കാർക്ക് അനുകൂലമായി വിധികിട്ടിയാൽ അപ്പീൽ നൽകേണ്ടതില്ലെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ടോ? ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർ ആ ഭൂമിയിൽ കൃഷിക്കാർ കടക്കാതിരിക്കാൻ ശ്രമിക്കുകയാണ്.

ശ്രീ. പി. കെ. വാസുദേവൻ നായർ: നിരവധി നിവേദനങ്ങൾ ഇതു സംബന്ധിച്ച് ഗവൺമെന്റിനു കിട്ടിയിട്ടുണ്ട്. ബഹുമാനപ്പെട്ട സീതി ഹാജി ഉന്നയിച്ചപ്പോൾ ഞാൻ പറഞ്ഞു. ഗവൺമെന്റ് തീർച്ചയായും അനുകൂലമായി, അനുഭാവപൂർവ്വം പരിഗണിക്കും.

ശ്രീ. പി. ആർ. ഫ്രാൻസിസ്: വനഭൂമികളും മറ്റും കൈയേറുന്നത് ഉദ്യോഗസ്ഥൻമാരുടെ മൗനസമ്മതത്തോടുകൂടിയാണ്; കയറുമ്പോൾ തടയാതിരിക്കുകയും പിന്നീടു അതു മാനുഷിക പ്രശ്നമാകുകയും ചെയ്യും; അതുകൊണ്ട് കയറുന്ന സമയത്തു കർശനമായി ഇറക്കിവിടുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അഭിപ്രായവ്യത്യാസമില്ലാത്ത ഒരാശയമാണത്.

ശ്രീ. പി. കരുണാകരൻ: വെസ്റ്റഡ് ഫോറസ്റ്റായി ആകെ എത്ര ഏക്കർ ഉണ്ട്? നിയമപരമായി വിതരണം ചെയ്യേണ്ടതിൽ എത്ര ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്?

ശ്രീ. പി. കെ. വാസുദേവൻ നായർ: നിയമമനുസരിച്ച് 1,97,569 ഹെക്ടറാണ് വെസ്റ്റുചെയ്തിരിക്കുന്നത്. അതിൽ 58,777 ഹെക്ടർ അസൈൻമെന്റിനു പറ്റിയതായി ഉണ്ട്.

വൻകിട ജലസേചന പദ്ധതികളുടെ പണി

*344 [362] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോൾ ഏതെല്ലാം വൻകിട ജലസേചന പദ്ധതികളുടെ പണികൾ നടന്നു കൊണ്ടിരിക്കുന്നു;

LIBRARY ARCHIVES Kerala Legislative Assembly